# തിരുസഭാചരിത്ര പാഠങ്ങൾ

# തിരുസഭാചരിത്ര പാഠങ്ങൾ

(VI-ാം സ്റ്റാൻറാർഡിലേക്ക്)

*Published by*

**Vijnanabhavan Kothamangalam**

**1975**

# തിരുസഭാചരിത്രപാഠങ്ങൾ

(VI–ാം സ്റ്റാൻഡാർഡിലേക്ക്)

Published by:
The Catechetical Centre
Vijnanabhavan, Kothamangalam.
Printed at Mar Mathews Press, Muvattupuzha
22–8–1975

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ക്രിസ്തുമതത്തിൻെറ ഉദയം | 1 |
| 2. | ക്രിസ്തുമതത്തിൻെറ വളർച്ച | 2 |
| 3. | മതപീഡനങ്ങൾ | 5 |
| | കോൺസ്റ്റൻറയിൻ സമാധാനം | 6 |
| 4. | ആദിമശതകങ്ങളിലെ പാഷണ്ഡതകൾ | 7 |
| 5. | റോമാസാമ്രാജ്യത്തിൻെറ അധഃപതനം | 9 |
| 6. | സഭയും ഫ്യൂഡലിസവും | 11 |
| 7. | മദ്ധ്യയുഗം | 12 |
| 8. | ഇരുണ്ട യുഗം | 14 |
| 9. | നവോത്ഥാനം | 15 |
| 10. | പ്രൊട്ടസ്റ്റൻറു മതവിപ്ലവം | 17 |
| 11. | ഫ്രഞ്ചുവിപ്ലവം | 20 |
| 12. | ആധുനികകാലം | 22 |

# തിരുസഭാചരിത്രപാഠങ്ങൾ

## I ക്രിസ്തുമതത്തിന്റെ ഉദയം

ക്രിസ്തുവിന്റെ ജനനം, മനുഷ്യവംശത്തിന്റെ പ്രതീക്ഷകളുടെ പൂർത്തീകരണമായിരുന്നു. പഴയനിയമം മുഴുവൻ, ക്രിസ്തുവിന്റെ ജനനത്തിനുള്ള തയ്യാറെടുപ്പായിരുന്നു. ക്രിസ്തുവിന്റെ ജനനം, ലോകചരിത്രത്തിനുതന്നെ ഒരു പുതിയ തുടക്കം കുറിച്ചു—ക്രിസ്തുവിനു പിമ്പും മുമ്പുമായി അതു വിഭജിക്കപ്പെട്ടു.

ത്രിത്വത്തിലെ രണ്ടാമാളായ ദൈവസുതൻ, പാപം മൂലം നശിച്ച മനുഷ്യവംശത്തെ രക്ഷിക്കാൻ, സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ചു. പലസ്തീനായിൽ, സാധാരണക്കാരുടെയിടയിൽ ക്രിസ്തു ജീവിച്ചു വളർന്നു. മുപ്പതാമത്തെ വയസ്സിൽ, അദ്ദേഹം പരസ്യജീവിതം ആരംഭിച്ചു. വാക്കുകളും പ്രവൃത്തികളുംവഴി, തന്റെ ദൈവികത്വവും രക്ഷണീയപദ്ധതിയും, അവിടുന്നു വെളിപ്പെടുത്തി. അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു; അനേകർ അദ്ദേഹത്തെ അനുഗമിച്ചു. കൂടാതെ തന്റെ രക്ഷണീയ പരിപാടിയുടെ തുടർച്ചക്കും പൂർത്തീകരണത്തിനും ക്രിസ്തു 12 പാവപ്പെട്ട തൊഴിലാളികളെ തിരഞ്ഞെടുത്തു പരിശീലിപ്പിച്ചു.

മനുഷ്യരക്ഷയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നുകൊണ്ടു് ക്രിസ്തു കാൽവരിയിൽ മരണംവരിച്ചു. മനുഷ്യന്റെ ഏററവും സ്വതന്ത്രവും ഉദാത്തവുമായ, ആത്മസമർപ്പണമായിരുന്നു കാൽവരിയിൽ നടന്നതു്. മരണ

ശേഷം താൻ പറഞ്ഞിരുന്നതുപോലെ ഉയിർത്തെഴുന്നേററു. തൻെറ സന്ദേശം ലോകത്തെ അറിയിക്കുന്നതിനും തൻെറ രക്ഷണീയപദ്ധതി തുടരുന്നതിനുമായി അപ്പസ്തോലന്മാരെ അവിടുന്നു അധികാരപ്പെടുത്തി അയച്ചു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കാൻ, അവരെ പഠിപ്പിക്കുവിൻ. ഞാൻ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്" (മത്താ. 28:18–20). അപ്പസ്തോലന്മാരുടെ നേതാവായി ക്രിസ്തു പത്രോസിനെ നിയമിച്ചു. അവസാനം സ്വർഗ്ഗാരോഹണവും ചെയ്തു.

സ്വർഗ്ഗാരോഹിതനായ ക്രിസ്തു തൻെറ വാഗ്ദാനപ്രകാരം ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ അപ്പസ്തോലന്മാരുടെമേൽ അയച്ചു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോൾ അവർക്കു് ആവേശവും ആത്മധൈര്യവും കൈവന്നു. ക്രിസ്തുവിൻെറ സന്ദേശം അപ്പസ്തോലന്മാർ ആവേശത്തോടെ പ്രസംഗിച്ചു. ആത്തിയോടെ പഠിപ്പിച്ചു. അനേകർ ക്രിസ്തുവിൽ വിശ്വസിച്ചു. അതോടെ തിരുസഭ ഉദയം ചെയ്യുകയും ചെയ്തു.

## II ക്രിസ്തുമതത്തിൻെറ വളർച്ച

അപ്പസ്തോലന്മാരുടെ പ്രസംഗങ്ങളും പ്രവൎത്തനങ്ങളും അനേകായിരങ്ങളെ ക്രിസ്തുമതത്തിലേക്കാകർഷിച്ചു. പത്രോസിൻെറ ആദ്യത്തെ പ്രസംഗംതന്നെ മൂവായിരത്തെ മാനസാന്തരപ്പെടുത്തി. സുവിശേഷപ്രചരണാൎത്ഥം അപ്പ

സ്തോലന്മാർ നാനാദേശങ്ങളിലേക്കു പുറപ്പെട്ടു. വി. മത്തായി, വി. തോമസ്, വി. ബർത്തലോമ്യ, വി. ജൂഡ് എന്നിവർ പൗരസ്ത്യദേശങ്ങളിലേക്കും വി. അന്ത്രയോസും മററും പാശ്ചാത്യദേശങ്ങളിലേക്കും പോയി. വി. ജയിംസ് ജറുസലത്തുതന്നെ താമസിച്ചു.

അപ്പസ്തോലന്മാരും അവരുടെ ചില ശിഷ്യന്മാരും കൂടി രക്ഷയുടെ സദ്വാർത്തകൾ, ലിഖിതരൂപങ്ങളിലാക്കി. അപ്രകാരം വിരചിതങ്ങളായ ദൈവനിവേശിത ഗ്രന്ഥങ്ങളാണ് സുവിശേഷങ്ങളും ലേഖനങ്ങളും. ആദ്യം ലേഖനങ്ങളാണ് വിരചിതങ്ങളായത്. പിന്നീടാണ് നാലു സുവിശേഷങ്ങളും രചിക്കപ്പെട്ടത്. ആദ്യത്തെ സുവിശേഷമായ മത്തായിയുടേത് A. D. 50-ലും, അവസാനത്തേതായ യോഹന്നാൻേറത് A. D. 99-ലും, രചിക്കപ്പെട്ടെന്നാണ് പണ്ഡിതമതം. സുവിശേഷങ്ങളും ലേഖനങ്ങളും ക്രിസ്തുമതപ്രചരണത്തെ എപ്രകാരം സഹായിച്ചിട്ടുണ്ടെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലൊ.

റോമാസാമ്രാജ്യത്തിൽ സുവിശേഷപ്രചരണത്തിനു മുഖ്യപങ്കുവഹിച്ചതു് വി. പത്രോസും, വി. പൗലോസുമായിരുന്നു. അന്ന് പൗരസ്ത്യലോകത്തിലെ പ്രമുഖനഗരമായിരുന്നു അന്ത്യോക്യാ. ഇതായിരുന്നു ആദ്യ പാപ്പായായിരുന്ന പത്രോസിൻെറ ആദ്യത്തെ ആസ്ഥാനം. പിന്നീട്, അദ്ദേഹം റോമിലേക്ക് തൻെറ ആസ്ഥാനം മാററി. അങ്ങനെ, റോം തിരുസഭയുടെ കേന്ദ്രവും, പിന്നീടുള്ള മാർപ്പാപ്പാമാരുടെ ആസ്ഥാനവുമായിത്തീർന്നു.

വിജാതീയരുടെ അപ്പസ്തോലനായ വി. പൗലോസിൻെറ മിഷനറിപ്രവർത്തനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതാണ്. ക്രിസ്തുവിനുവേണ്ടി "ഭ്രാന്തുപിടിച്ച" അപ്പസ്തോലനായിരുന്നു അദ്ദേഹം. അദ്ദേഹം അഗാധമായി

ക്രിസ്തുവിനെ അറിഞ്ഞു; തീവ്രമായി സ്നേഹിച്ചു; വിശ്ര മമെന്യേ ക്രിസ്തുമതം പ്രസംഗിച്ചു. സിറിയാ, ഏഷ്യാമൈനർ, മാസിഡോണിയാ, ഗ്രീസ് എന്നിവിടങ്ങളിൽ സഞ്ചരിച്ച്, സുവിശേഷം പ്രസംഗിക്കുകയും അനേകരെ സഭാംഗങ്ങളാക്കുകയും ചെയ്തു. പ്രസംഗങ്ങൾക്കുപുറമേ, തൻെറ വിശ്രുതങ്ങളായ ലേഖനങ്ങൾവഴിയും അദ്ദേഹം വേദപ്രചരണം നടത്തി. വി. പൗലോസിൻെറ ലേഖനങ്ങൾ വിശ്വസാഹിത്യത്തിനുതന്നെ ഒരു മുതൽക്കൂട്ടാണ്. സുവിശേഷാധിഷ്ഠിതമായ ക്രിസ്തീയജീവിതത്തിൻെറ കാമ്പും കാതലും, തനിമയും, തെളിമയും അവയിൽ തെളിഞ്ഞുകാണാം.

ക്രിസ്തുമതവളർച്ചയുടെ കാരണങ്ങൾ:

1. ഏററവും പ്രധാനമായി ക്രിസ്തുമതം ദൈവസ്ഥാപിതമാണ്.

2. അപ്പസ്തോലന്മാരുടെ അത്ഭുതങ്ങൾ, അവർ പ്രസംഗിച്ച വിശ്വാസത്തിൻെറ, വിശ്വാസ്യത തെളിയിച്ചു.

3. ആദ്യക്രിസ്ത്യാനികളുടെ ഭക്തിതീക്ഷ്ണതയും, മാതൃകാജീവിതവും, ജീവൻപോലും ബലികഴിക്കാനുള്ള ത്യാഗസന്നദ്ധതയും.

4. മനുഷ്യൻെറ ഉന്നതമായ എല്ലാ അഭിലാഷങ്ങളെയും ആദർശങ്ങളെയും, തൃപ്തിപ്പെടുത്താൻപോരുന്ന മതസംഹിതകളാണ്, ക്രിസ്തുമതം കാഴ്ചവച്ചത്. മനുഷ്യൻെറ ഉത്ഭവത്തെയും അന്ത്യത്തെയുംകുറിച്ച്, സയുക്തികവും വ്യക്തവുമായ വിശദീകരണങ്ങൾ നല്കാൻ, ക്രിസ്തുമതത്തിനു കഴിഞ്ഞു. ഉദാത്തതയും ലാളിത്യവും ജനങ്ങൾ ഒരുപോലെ ക്രിസ്തുമതത്തിൽ ദർശിച്ചു. സ്നേഹത്തിലും സത്യത്തിലും സേവനത്തിലും സാഹോദര്യത്തിലും സമത്വത്തിലും അധിഷ്ഠിതമായ ക്രിസ്തുമതം, അന്യൂനവും അനവദ്യവുമായി, ആത്മാർത്ഥതയുള്ള മനുഷ്യനനുഭവപ്പെട്ടു.

## III മതപീഡനങ്ങൾ

ക്രിസ്തുമതപ്രചരണങ്ങൾവഴി തിരുസഭ അനുദിനം വളൎന്നുകൊണ്ടിരുന്നു. പ്രതിബന്ധങ്ങളില്ലാത്ത വളൎച്ചയില്ല; പ്രതിസന്ധികളില്ലാത്ത പ്രസ്ഥാനങ്ങളുമില്ല. തിരുസ്സഭയുടെ കാര്യത്തിലും ഇതു ശരിയാണ്. തിരുസ്സഭയുടെ അത്ഭുതാവഹമായ വളൎച്ചയിലും ഉയൎച്ചയിലും അപ്രീതരായവർ, അതിനെതിരെ പടവാളുയൎത്തി. തിരുസഭാവിരോധികൾ മതപീഡനങ്ങൾ അഴിച്ചുവിട്ടു. രക്തസാക്ഷികൾ കുന്നുകൂടി. ക്രിസ്ത്യാനിക്കു പീഡനങ്ങൾ ക്രിസ്തുതന്നെ വാഗ്ദാനം ചെയ്തിരുന്നതാണല്ലൊ.

ക്രിസ്തുമതം യഹൂദമതാധഃപതനത്തിനു് ഇടയാക്കുമെന്നുകരുതിയ യഹൂദരാണ്, ആദ്യം ക്രിസ്ത്യാനികളെ പീഡിപ്പിച്ചതു്. അവർ യോഹന്നാനും വി. പത്രോസിനും സുവിശേഷപ്രചരണം നിരോധിച്ചു. ഇതു വിഫലമായതിനാൽ അവർ മതമൎദ്ദനം ശക്തിപ്പെടുത്തി. ഈ മൎദ്ദനത്തിലാണ് ആദ്യത്തെ രക്തസാക്ഷിയായി വി. സ്റ്റീഫൻ മരിച്ചതു്. എ. ഡി. 44-ൽ വി. ജയിംസ് രക്തസാക്ഷിയായി.

വിഗ്രഹാരാധനയിലും ബഹുദൈവവിശ്വാസത്തിലും മുഴുകിയിരുന്ന റോമൻ ഭരണാധികാരികൾ, ക്രിസ്തുമതത്തിൻെറ വളൎച്ചയെ അങ്ങേയററം എതിൎത്തു. സഭയ്ക്കുറുതി വരുത്താൻതന്നെ അവർ തീരുമാനിച്ചു. തിരുസഭാതലവനായിരുന്ന വി. പത്രോസിനെ നീറോചക്രവൎത്തി നിൎദ്ദയം വധിച്ചു. നീറോതന്നെ വി. പൗലോസിനെയും ശിരച്ഛേദംചെയ്തു. എഫേസൂസിൽ പ്രേഷിതവേലചെയ്തിരുന്ന വി. യോഹന്നാനെ ഡൊമീഷ്യൻ ചക്രവൎത്തി തിളയ്ക്കുന്ന എണ്ണയിലെറിഞ്ഞു.

പ്രധാനമായി പത്തു മതപീഡനങ്ങളാണു ചരിത്രത്തിൽ അറിയപ്പെടുന്നതു്.

| | | | |
|---|---|---|---|
| 1. | നീറോ | ഏ. ഡി. | 64–68 |
| 2. | ഡൊമീഷ്യൻ | ,, | 95–96 |
| 3. | ട്രാജൻ | ,, | 106–117 |
| 4. | മാക്സ് ഔറേലിയസ് | ,, | 161–180 |
| 5. | സെപ്റ്റമിയസ് സെവേരൂസ് | ,, | 202–211 |
| 6. | മാക്സിമിയൻ | ,, | 235–238 |
| 7. | ഡേസ്യസ് | ,, | 249–251 |
| 8. | വലേറിയൻ | ,, | 257–260 |
| 9. | ഔറേലിയൻ | ,, | 274–275 |
| 10. | ഡയോക്ലീഷ്യൻ | ,, | 303–313 |

ഇവരിൽ ഏററവും വലിയ മർദ്ദകർ നീറോ, ട്രാജൻ, സെപ്റ്റമിയസ് സെവേരൂസ്, ഡയോക്ലീഷ്യൻ എന്നിവരായിരുന്നു. ട്രാജൻെറ കാലത്താണു് അന്ത്യോക്യായിലെ മെത്രാനായിരുന്ന വി. ഇഗ്നേഷ്യസും, ജറൂസലമിലെ മെത്രാനായിരുന്ന വി. സൈമണും, നിഹനിക്കപ്പെട്ടതു്. വിശുദ്ധരായ ജസ്റ്റിൻ, പോളിക്കാപ്പ്, സിസിലിയാ തുടങ്ങിയവർ ഔറേലിയൻെറ പീഡനത്തിനിരയായി. ഡേസ്യസിൻെറകാലത്തു് ഫേബിയൻ മാർപ്പാപ്പയും ജറൂസലം മെത്രാനായിരുന്ന വി. അലക്സാണ്ടറും വധിക്കപ്പെട്ടു. ഡയോക്ലീഷ്യനാകട്ടെ വി. ഗ്രന്ഥങ്ങൾ ചുട്ടെരിച്ചു: ദൈവാലയങ്ങൾ ഇടിച്ചുനിരത്തി. അദ്ദേഹം ക്രിസ്തുമതത്തെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കാൻ സർവ്വകഴിവും വിനിയോഗിച്ചതാണു്.

### കോൺസ്റ്റൻറയിൻ സമാധാനം

റോമിൽ കോൺസ്റ്റൻറയിൻചക്രവർത്തിയുടെ വാഴ്ചയോടെ മതപീഡനങ്ങൾക്കറുതിവന്നു. 306-ൽ അദ്ദേഹം സ്ഥാനാരോഹണംചെയ്തു. ഇററലിയിലെ ഗവർണ്ണറായിരുന്ന മാക്സൻഷ്യസ് വലിയൊരു സൈന്യത്തോടെ

ഇററലിയെ ആക്രമിച്ചു. കോൺസ്റ്റൻറയിൻ ക്രിസ്തുവിനെ സ്മരിച്ചുകൊണ്ടു് ശത്രുവിനെ നേരിട്ടു. കുരിശടയാളമുള്ള പതാകയുടെകീഴിൽ അണിനിരന്ന കോൺസ്റ്റൻറയിൻ സൈന്യം മാക്സെൻഷ്യസിനെ നിശ്ശേഷം പരാജയപ്പെടുത്തി. 312-ൽ അദ്ദേഹം പാശ്ചാത്യദേശങ്ങളുടെ അധിപതിയായിത്തീൎന്നു. 324-ൽ ലിസീനിയസ് എന്ന ശത്രുവിനെക്കൂടി തോല്പിച്ചപ്പോഠം കോൺസ്റ്റൻറയിൻ റോമാസാമ്രാജ്യത്തിൻെറ മുഴുവൻ ഏകഛത്രാധിപനായിത്തീൎന്നു. പിന്നീടു് കോൺസ്റ്റാൻറിനോപ്പിഠം തലസ്ഥാനമാക്കിക്കൊണ്ടു് അദ്ദേഹം ഭരണംനടത്തി. തൻെറ പ്രസിദ്ധമായ മിലാൻവിളംബരംമൂലം (The Edict of Milan) അദ്ദേഹം ക്രിസ്ത്യാനികഠംക്കു മതസ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അദ്ദേഹം ക്രിസ്ത്യാനികളുടെ കണ്ടുകെട്ടിയിരുന്ന വസ്തുക്കഠം തിരികെ കൊടുക്കുകയും ദൈവാലയങ്ങഠം തീൎപ്പിക്കുന്നതിനു് ഉദാരമായ സഹായങ്ങഠം ചെയ്യുകയും ചെയ്തു. റോമാസാമ്രാജ്യം മുഴുവൻ ഞായറാഴ്ച പൊതു അവധിദിവസമായി പ്രഖ്യാപിച്ചു. ഇതോടെയാണു് ഞായറാഴ്ചയ്ക്കു് ഒരു പൊതുഅവധിദിവസമെന്നനിലയിൽ സാമുദായികാംഗീകാരം സിദ്ധിച്ചതു്. അദ്ദേഹത്തിൻെറ മാതാവായ വി. ഹെലീന ക്രിസ്തു തൂങ്ങിമരിച്ച കുരിശു് A. D. 326-ൽ കണ്ടെടുത്തു. ക്രിസ്തീയാനുഭാവിയായിരുന്നെങ്കിലും മരണക്കിടക്കയിൽവച്ചുമാത്രമെ അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചുള്ളു.

## IV ആദിമശതകങ്ങളിലെ പാഷണ്ഡതകഠം

ആദ്യശതകങ്ങളിലെ സഭാപണ്ഡിതന്മാർ ക്രിസ്തീയ സാഹിത്യത്തിനു് ഈടുററ സംഭാവനകഠം നല്കി. വി. ജസ്റ്റിൻ, വി. ഇരണയേവൂസ്, വി. സിപ്രിയൻ, വി. അത്തനാസിയൂസ്, വി. ജറോം, വി. ആഗസ്തീനോസ്, വി. ഹിലരി എന്നീ സഭാപിതാക്കന്മാരുടെ സേവന

ങ്ങളാം സ്തുത്യർഹങ്ങളാണ്. ഇവർ ക്രിസ്തീയവിശ്വാസ സത്യങ്ങളെ പാഷണ്ഡതകളിൽനിന്നു സംരക്ഷിക്കുകയും, അവയെ വിശ്വാസികൾക്കു വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. പല അവസരങ്ങളിലായി പല പാഷണ്ഡതകളും തിരുസഭയെ അലട്ടിയിട്ടുണ്ട്.

1. ആരിയനിസം

അലക്സാണ്ഡ്രിയായിലെ ഒരു വൈദികനായിരുന്ന ആരിയൂസാണ് ഈ പാഷണ്ഡതയുടെ ഉടമ. അദ്ദേഹം പ. ത്രിത്വവും മിശിഹായുടെ ദൈവികത്വവും നിഷേധിച്ചു. ആരിയൻ സിദ്ധാന്തത്തെ എതിർക്കുന്നതിനു 325-ൽ കൂടിയ നിക്യാസൂനഹദോസ് ഒരു വിശ്വാസപ്രമാണം തന്നെ രചിച്ചു. അതാണു പ്രസിദ്ധമായ നിക്യാ വിശ്വാസപ്രമാണം. ആരിയൻ സിദ്ധാന്തത്തെ സമർത്ഥമായി എതിർത്തതു് അത്തനാസിയൂസ് എന്ന ഡീക്കനായിരുന്നു.

2. നെസ്റ്റോറിയനിസം

മിശിഹായിൽ ദൈവയാളും മനുഷ്യയാളും ഉണ്ടെന്നും, മനുഷ്യയാളിന്റെ മാതാവാണു മറിയമെന്നും, തന്മൂലം മറിയത്തെ ദൈവമാതാവെന്നു വിളിക്കുവാൻ പാടില്ലെന്നും, മററുമായിരുന്നു നെസ്തോറിയൻ സിദ്ധാന്തം. നെസ്റ്റോറിയൻ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാർക്കീസായിരുന്നു. ഇദ്ദേഹത്തെ നേരിടാൻ വി. സിറിൽ മുന്നോട്ടുവന്നു. 431-ലെ എഫേസൂസ് സൂനഹദോസ് ഈ പാഷണ്ഡതയെ ശപിച്ചു. പ. മറിയത്തിന്റെ ദൈവമാതൃത്വം അംഗീകരിച്ചുറപ്പിക്കുകയുംചെയ്തു.

3. യൗത്തിക്കോസിന്റെ പാഷണ്ഡത

യൗത്തിക്കോസ് മിശിഹായിൽ മനുഷ്യസ്വഭാവമില്ലെന്നു പഠിപ്പിച്ചു. ക്രിസ്തു ദൈവം മാത്രമാണ്, മനുഷ്യനല്ലെന്നായിരുന്നു ഇദ്ദേഹത്തിന്റെ വാദം. കാൽസി

ഡോൺ സൂനഹദോസ് 451–ൽ ഈ അബദ്ധപ്രബോധ നത്തെ ശപിച്ചു.

4. ഏകമനോവാദം

യൗത്തിക്കോസിൻെറ അനുയായി ആയിരുന്ന സെർജിയൂസ്, ക്രിസ്തുവിൽ ഏകമനസ്സേയുള്ളുവെന്നു പഠിപ്പിച്ചു. 680–ലെ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് ഇതിനെ ഖണ്ഡിച്ചുകൊണ്ട് ക്രിസ്തുവിൽ രണ്ടു മനസ്സുണ്ടെന്നു സ്ഥിരീകരിച്ചു.

5. പെലാജിയനിസം

മനുഷ്യരക്ഷയ്ക്കു ദൈവവരപ്രസാദത്തിൻെറ ആവശ്യമില്ലെന്നായിരുന്നു ഒരു സന്യാസിയായിരുന്ന പെലാജിയൂസ് പഠിപ്പിച്ചതു്. കാർത്തേജിലെ സൂനഹദോസുകളും സോസിമൂസ് പാപ്പയും ഈ അബദ്ധോപദേശത്തെ ശപിച്ചു.

## V റോമാസാമ്രാജ്യത്തിൻെറ അധഃപതനം

സാമ്രാജ്യത്തിൻെറ വിഭജനവും സമർത്ഥരായ ഭരണാധികാരികളുടെ അഭാവവും പുറത്തുനിന്നുള്ള കിരാതവർഗ്ഗക്കാരുടെ ആക്രമണവും റോമാസാമ്രാജ്യത്തെ ബലഹീനമാക്കി. പക്ഷെ, അത്ഭുതമെന്നുപറയട്ടെ റോമിനെ ജയിച്ചടക്കിയ കിരാതവർഗ്ഗക്കാർ മനസ്സുതിരിഞ്ഞു് ഒരു പുതിയ ക്രൈസ്തവജനത ഉയർന്നുവന്നു. റോമാസാമ്രാജ്യാധഃപതനശേഷം തിരുസഭയിലുണ്ടായ മുഖ്യ സംഭവവികാസങ്ങൾ ക്ലോവീസിൻെറ സാമ്രാജ്യോദയവും മുഹമ്മദീയാക്രമണവും മാർപ്പാപ്പയുടെ രാഷ്ട്രാധിപത്യവുമാണ്.

1. "ക്ലോവീസിൻെറ സാമ്രാജ്യം"

കിരാതവർഗ്ഗക്കാർ മനസ്സുതിരിഞ്ഞു ഉയർന്നുവന്ന ക്രൈസ്തവ ജനതയിൽപ്പെട്ട ഫ്രാങ്കുവർഗ്ഗക്കാർ പിന്നീടുള്ള യൂറോ

പ്പിൻേറയും ക്രിസ്തുമതത്തിൻേറയും ചരിത്രത്തിൽ പ്രധാന പങ്കു വഹിച്ചു. ഇവരുടെ രാജാവായിരുന്ന ക്ലോവീസ് ക്ലോത്തിൽദായെന്നൊരു ക്രിസ്തീയ രാജകുമാരിയെ വിവാഹം ചെയ്തു. ഇതു് ക്ലോവീസിൻെറ ക്രിസ്തുമതസ്വീകരണത്തിനു വഴി തെളിച്ചു. ഇദ്ദേഹത്തിൻെറ ജ്ഞാനസ്നാനം ക്രിസ്തീയചരിത്രത്തിൽ പുതിയൊരദ്ധ്യായം കുറിച്ചു. സാവധാനം പഴയ റോമൻ സാമ്രാജ്യത്തിൻെറ സ്ഥാനത്തു് ക്ലോവീസിൻെറ ക്രിസ്തീയ സാമ്രാജ്യം ഉയൎന്നുവന്നു. അദ്ദേഹം മരിക്കുമ്പോൾ ഗോൾ പ്രദേശത്തിൽ (ഫ്രാൻസും ജൎമ്മനിയും ഉൾപ്പെട്ട പ്രദേശം) ക്രിസ്തുമതത്തിനു വലിയ പ്രചാരം സിദ്ധിച്ചിരുന്നു. സഭയുടെ സീമന്തപുത്രൻ എന്നാണു് ക്ലോവീസ് അറിയപ്പെടുന്നതു്.

2. മുഹമ്മദീയാക്രമണം.

താമസിയാതെ തിരുസഭയ്ക്കു് 610-ൽ മഹമ്മദ് സ്ഥാപിച്ച ഇസ്ലാംമതത്തിൻെറ ആക്രമണം നേരിടേണ്ടിവന്നു. ഇസ്ലാമികർ ബലംപ്രയോഗിച്ചു് പൗരസ്ത്യദേശത്തു് മതപ്രചരണം നടത്തി. അവർ വിശുദ്ധസ്ഥലങ്ങൾ ആക്രമിച്ചു കീഴടക്കി. സ്പെയിൻപോലും, ഇവരുടെ ആക്രമണത്തിനു കീഴടങ്ങേണ്ടിവന്നു.

3. മാർപ്പാപ്പയുടെ രാഷ്ട്രാധിപത്യം (Papal States)

8-ാം നൂററാണ്ടിൽ മാർപ്പാപ്പ ഇററലിയിൽ ഏററവുമധികം രാഷ്ട്രീയവും ആദ്ധ്യാത്മികവും സാമുദായികവുമായ സ്വാധീനമുള്ള വ്യക്തിയായിത്തീൎന്നിരുന്നു. ഇററലിക്കാർ മാർപ്പാപ്പയെ തങ്ങളുടെ ആത്മീയാചാര്യൻ എന്നതുപോലെതന്നെ ഭൗതികഭരണാധിപനായും കരുതി. 8-ാംനൂററാണ്ടിൻെറ ആരംഭത്തിൽ ഇററലിയെ ആക്രമിച്ച ലൊംബാർഡ്വൎഗ്ഗക്കാരെ ഫ്രാങ്കുരാജവംശത്തിൽപ്പെട്ട പെപ്പിൻ തോല്പിച്ചു. ഈ വിജയഫലമായി ലഭിച്ച

പ്രദേശം അദ്ദേഹം മാർപ്പാപ്പയ്ക്കു സമ്മാനിച്ചു. പെപ്പിൻെറ ഈ സമ്മാനത്തോടെ മാർപ്പാപ്പ രാഷ്ട്രീയാധികാരമുള്ള ഒരു സ്വാതന്ത്ര്യഭരണാധികാരിയായിത്തീൎന്നു. പോപ്പിൻെറ ഈ രാഷ്ട്രാധിപത്യം 11നൂററാണ്ടുകാലം നിലനിന്നു (756–1870). പെപ്പിൻെറ പുത്രനായ ചാർലിമെയിൻ രാജാവ് (768–814) A. D. 800–ൽ റോമിൽവച്ച് വി. റോമാസാമ്രാജ്യത്തിൻെറ ഭൗതികകാര്യസംരക്ഷകനായി ലിയോ തൃതീയൻ പാപ്പായാൽ നിയമിതനായി. അതോടെ ചാർലിമെയിൻ മാർപ്പാപ്പയുടെ രാഷ്ട്രാധിപത്യത്തിൻെറ സംരക്ഷകൻകൂടിയായിത്തീൎന്നു.

## VI സഭയും ഫ്യൂഡലിസവും (800–1300)

ഇക്കാലത്ത് സഭയ്ക്ക് ഗണ്യമായ പുരോഗതി സിദ്ധിച്ചെങ്കിലും പല പ്രതിസന്ധികളെയും നേരിടേണ്ടിവന്നു. വി. റോമാസാമ്രാജ്യം ഒരു പരിപൂർണ്ണ ക്രിസ്തീയരാഷ്ട്രമായി ഉയൎന്നത് ചാർലിമെയിൻ ചക്രവൎത്തിയുടെ സാമൎത്ഥ്യംകൊണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിനുശേഷം സാമ്രാജ്യം അധഃപതിക്കാൻ തുടങ്ങി. കേന്ദ്രഭരണംപോലും കുഴപ്പത്തിലായിത്തീൎന്നു. ഈ തക്കംനോക്കി വലിയ ഭൂഉടമകളെല്ലാം രാജാക്കന്മാരായി ഭരണം തുടങ്ങി. അങ്ങനെ യൂറോപ്പിലാകമാനം ഫ്യൂഡലിസം എന്നറിയപ്പെടുന്ന ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി ഉദയം ചെയ്തു.

ഈ ഫ്യൂഡലിസ്റ്റു വ്യവസ്ഥിതി സഭയ്ക്കു വളരെയേറെ ദോഷം ചെയ്തു. ഇതിൻെറ സ്വാധീനം തിരുസഭയിലും ദൃശ്യമായിത്തുടങ്ങി. എട്ടാംശതകത്തിൻെറ അന്ത്യത്തോടുകൂടി. മെത്രാന്മാരും സന്യാസാശ്രമങ്ങളും വലിയ സ്വത്തുടമകളായിത്തീൎന്നു. ഭൗതികാധികാരഭ്രമത്താൽ പലരും ആദ്ധ്യാത്മികാധികാരം മറന്നുകളഞ്ഞു. ഭൂസ്വത്തുടമകളുടെ കീഴിൽ തൊഴിലാളികളും കുടിയാ

ന്മാരും വിഷമിക്കേണ്ടിവന്നു. ഉന്നതവൈദികസ്ഥാന ങ്ങളിൽപ്പോലും അധികാരമോഹം തലപൊക്കി. ആത്മീയാനുകൂല്യങ്ങളും അധികാരങ്ങളും ക്രയവിക്രയം ചെയ്യപ്പെട്ടു. വൈദികർ തങ്ങളുടെ കടമകൾ അവഗണിച്ചു. തൽഫലമായി വിശ്വാസികളുടെ ക്രിസ്തീയജീവിതത്തിനുപോലും സാരമായ ക്ഷതമേററു.

ഈ അധഃപതനത്തിൽനിന്നു സഭയെ രക്ഷിക്കാൻ സഭയ്ക്കുള്ളിൽത്തന്നെ പരിശ്രമങ്ങൾ നടന്നു. വി. ബ്രൂണോ, മാർപ്പാപ്പമാരായ വി. നിക്കോളസ്, സിൽവസ്റ്റർ തുടങ്ങിയവർ പ്രകൃതത്തിൽ പ്രത്യേകം സ്മരണീയരാണ്. കൂടാതെ ഇക്കാലത്തു് സഭയെ വിശുദ്ധീകരിക്കുന്നതിനു യൂറോപ്പിൽ പല ഭാഗങ്ങളിൽ വിവിധസന്യാസസഭകൾ ഉടലെടുത്തുതുടങ്ങി. ഇങ്ങനെ സ്ഥാപിക്കപ്പെട്ടവയാണ് ബനഡിക്റ്റൈറെൻ, കർത്തൂസ്യൻ തുടങ്ങിയ സഭകൾ.

## VII മദ്ധ്യയുഗം (1073–1300)

മദ്ധ്യയുഗം എല്ലാംകൊണ്ടും പൊതുവെ ശാന്തവും സുഖപൂർണ്ണവുമായിരുന്നു. ജനങ്ങൾ പൊതുവെ സംതൃപ്തരായിക്കഴിഞ്ഞു. കൃഷിയും വാണിജ്യവും അഭിവൃദ്ധിപ്പെട്ടു. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി തൊഴിലാളിസംഘടനകൾ രൂപീകരിക്കപ്പെട്ടു. മദ്ധ്യശതകങ്ങൾ തിരുസഭയ്ക്കും ഉയർച്ചയുടെ കാലമായിരുന്നു. തിരുസഭയുടെ നേതൃത്വത്തിൽചെയ്ത അന്താരാഷ്ട്ര ഉടമ്പടികൾ സമാധാനത്തെ സഹായിച്ചു.

വിദ്യാഭ്യാസവും വിജ്ഞാനവും വികസിച്ചു. സന്യാസമന്ദിരങ്ങൾ ഓരോന്നും വലിയ വലിയ വിദ്യാപീഠങ്ങളായി മാറി. പാരീസ്, ഓക്സ്ഫോർഡ് തുടങ്ങിയ വിശ്രുതങ്ങളായ സർവ്വകലാശാലകൾ ജന്മമെടുത്തു. തത്വ

ചിന്തയുടെ സുവണ്ണകാലമായിരുന്നു ഇതു്. വി. ആൻസലം, ആൽബർട്ടു്, തോമസ് അകചീനാസ്, ബൊനവെഞ്ചർ തുടങ്ങിയ ചിന്തകന്മാരും പണ്ഡിതരും ഈ കാലഘട്ടത്തിൻെറ സന്താനങ്ങളാണു്. കലയും സാഹിത്യവും പുഷ്ടിപ്പെട്ടു. ലോകപ്രസിദ്ധമായ ഡാൻേറയുടെ "ഡിവൈൻ കോമഡി" രചിക്കപ്പെട്ടതു് ഈ കാലത്താണു്. മദ്ധ്യയുഗങ്ങളിലെ മനോഹരമായ വാസ്തുശില്പം തന്നെ കലയുടെ വളർച്ചയെ വിളിച്ചറിയിക്കുന്നു. ചിത്രകലയും കൊത്തുപണിയും ഉയന്ന നിലവാരം പുലത്തി. ഇവയൊക്കെ വിശ്വാസപ്രചരണത്തിനു ക്രിസ്ത്യാനികൾ വിജയകരമായി ഉപയോഗിച്ചു.

പുതിയ ഭക്താഭ്യാസങ്ങൾ പലതും, ഈ കാലത്തു് രൂപം കൊണ്ടു. വി. സൈമൺ കർമ്മലമാതൃഭക്തിക്കു പ്രോത്സാഹനം നൽകി. കർമ്മലോത്തരീയം വിശ്വാസികൾ ധരിക്കാനും തുടങ്ങി. ആൽബിജെൻസ്യൻ പാഷണ്ഡതയ്ക്കെതിരായി വി. ഡോമിനിക്കു് ജപമാലഭക്തി പ്രചരിപ്പിച്ചു. ഇങ്ങനെയാണു് ജപമാലഭക്തിയുടെ ആരംഭം.

പല സന്യാസസഭകളുടെ ഉദയത്തിനും മദ്ധ്യയുഗം സാക്ഷിനിന്നു. വി. ഫ്രാൻസിസിൻെറ ഫ്രാൻസിസ്കൻസഭ, വി. ഡോമിനിക്കിൻെറ ഡോമിനിക്കൻസഭ, അഗസ്തീനിയൻസഭ, കർമ്മലീത്താസഭ തുടങ്ങിയ സന്യാസസഭകൾ ഇക്കാലത്തു് ജന്മമെടുത്തവയാണു്.

### കുരിശുയുദ്ധങ്ങൾ

എന്താണീ കുരിശുയുദ്ധങ്ങൾ? ക്രിസ്തുവിൻെറ പാദസ്പർശമേററു പരിശുദ്ധമായിത്തീന്ന വി. സ്ഥലങ്ങൾ മുഹമ്മദീയാധിപത്യത്തിലായിത്തീന്നു. ഇതു് ക്രിസ്തീയ തീർത്ഥാടകക്കു് പല ക്ലേശങ്ങൾക്കും ഇടയാക്കി. പന്ത്രണ്ടും പതിമൂന്നും നൂററാണ്ടിലെ മാർപ്പാപ്പമാർ വി. സ്ഥലങ്ങൾ വീണ്ടെടുക്കാൻ ജനങ്ങളോടു് ആഹ്വാനം ചെയ്തു.

ക്രിസ്തീയ രാജാക്കന്മാരും മാടമ്പികളും ഈ ആഹ്വാനം സ്വീകരിച്ച് വിശുദ്ധ സ്ഥലങ്ങളിലേക്ക് സൈന്യങ്ങളെ അയച്ചു. ആദ്യം വിജയമുണ്ടായെങ്കിലും പിന്നീട് യൂറോപ്പിൽനിന്നു തുടർന്ന് സഹായം ലഭിക്കായ്കയാൽ കുരിശുയുദ്ധങ്ങൾ പരാജയപ്പെട്ടു.

## VIII ഇരുണ്ട യുഗം (1300–1648)

A.D. 1300–1648 വരെയുള്ള കാലം തിരുസഭാചരിത്രത്തിലെ ഇരുണ്ട യുഗമാണ്. മദ്ധ്യയുഗത്തിലെ വിശ്വാസചൈതന്യത്തിനും സമാധാനത്തിനും ഈ യുഗത്തിൽ കാര്യമായ ക്ഷീണംതട്ടി. 1305–ൽ മാർപ്പാപ്പയുടെ ആസ്ഥാനം ബലം പ്രയോഗിച്ചു റോമിൽനിന്നു ഫ്രാൻസിലേക്കു മാററപ്പെട്ടു. ഇത് ഇതരരാജ്യങ്ങളിൽ തിരുസഭയുടെ സ്വാധീനം കുറയാൻ ഇടയാക്കി. 1377 നവംബറിലാണ് ഗ്രീഗരി നവമൻമാർപ്പാപ്പ തിരുസഭയുടെ ആസ്ഥാനം വീണ്ടും റോമിലേക്കു മാററിയത്.

### പാശ്ചാത്യശീശ്മ (1378–1417)

മാർപ്പാപ്പ ഫ്രാൻസിൽ അവിഞ്ഞോണിൽനിന്ന് റോമിലേക്ക് ആസ്ഥാനം മാററിയപ്പോൾ മാർപ്പാപ്പയോടുകൂടി തിരിച്ചുപോകുവാൻ വിമുഖരായ കർദ്ദിനാളന്മാർ അർബൻ പാപ്പയ്ക്കെതിരായി ക്ലെമൻറ് ഏഴാമനെ പാപ്പയായി വാഴിച്ചു. ഇതാണ് പശ്ചാത്യ ഛിദ്മത്തിൻെറ ഉത്ഭവം. ഇതുവഴി തിരുസ്സഭ രണ്ടു ചേരികളായി വിഭജിക്കപ്പെട്ടു. മെത്രാന്മാരുടെ മാത്രമല്ല വൈദികരുടെ ഇടയിലും ഇതു ഭിന്നിപ്പുണ്ടാക്കി. ഇതിനുംപുറമെ പീസായിൽക്കൂടിയ തിരുസംഘം മൂന്നാമതൊരു പാപ്പയെ വാഴിക്കാനും നിശ്ചയിച്ചു. 30 വഷത്തോളം ഈ അനാഥാവസ്ഥ നിലനിന്നു. അവസാനം 1414–ൽ കൂടിയ കോൺസ്റ്റൻസിലെ സൂനഹദോസ് മാർട്ടിൻ പഞ്ചമനെ നിയമാനസൃതം മാർപ്പാപ്പയായി തിരഞ്ഞെടുത്തു.

## IX നവോത്ഥാനം (Renaissance 1500-1800)

ഇരുണ്ടയുഗത്തിനും ആധുനികയുഗത്തിനും ഇടയ്ക്കുള്ള കാലമാണു് നവോത്ഥാനകാലം. ഈ ഘട്ടത്തിൽ മനുഷ്യ ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും ഒരുണർവ്വും ഉയ ർത്തെഴുന്നേൽപും ദൃശ്യമായി. മനുഷ്യർക്കു് ഒരു പുതിയ ജീവിതവീക്ഷണംതന്നെ ഉണ്ടായി.

ഈ നവോത്ഥാനത്തിൻെറ കാരണങ്ങൾ.

പല പുതിയ കണ്ടുപിടുത്തങ്ങളുമുണ്ടായി. അച്ചടി യന്ത്രം കണ്ടുപിടിക്കപ്പെട്ടു. ഇതു വിജ്ഞാനമണ്ഡല ത്തിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. വാസ്കോഡിഗാമ ഇൻഡ്യയിലേക്കു പുതിയ ജലമാർഗ്ഗവും കൊളംബസ് അമേരിക്കൻ ഭൂഖണ്ഡവും കണ്ടുപിടിച്ചു. പുതിയപുതിയ ആശയങ്ങൾ പ്രചരിച്ചു. ശാസ്ത്രപുരോഗ തിയും നൂതന കണ്ടുപിടുത്തങ്ങളും മനുഷ്യൻെറ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. പുരാതന സാഹിത്യകൃതി കൾ പലതും നൂതന ഭാഷകളിലേക്കു തർജ്ജമചെയ്യപ്പെട്ടു. ഗ്രീക്കുചിന്തകന്മാർ യൂറോപ്പിൽ പലയിടത്തും ചിന്നി ച്ചിതറിയതുകൊണ്ടു് യവനചിന്ത വിവിധരാജ്യങ്ങളിൽ പരന്നു. പുതിയ വിജ്ഞാനകേന്ദ്രങ്ങളും സർവ്വകലാശാല കളും ആവിർഭവിച്ചു. കലയ്ക്കും കലാകാരന്മാർക്കും മതിപ്പും മാഹാത്മ്യവും വർദ്ധിച്ചു.

നവോത്ഥാനം—ഒരു വിലയിരുത്തൽ

നവോത്ഥാനത്തിലുണ്ടായ സാങ്കേതികവും ശാസ്ത്രീ യവും വൈജ്ഞാനികവുമായ അഭിവൃദ്ധി മനുഷ്യനെ അ ഹങ്കാരിയാക്കിത്തീർത്തു. മദ്ധ്യയുഗത്തിലെ അധികാര വിധേയത്വം ഇവിടെ അപ്രത്യക്ഷമായി. മനുഷ്യൻ ദൈ വത്തിൽനിന്നകന്നു് തന്നിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു. ദൈവോന്മുഖമായിരുന്ന ജീവിതം മനുഷ്യോന്മുഖമായി

പരിണമിച്ചു. അതുകൊണ്ടു് വിദ്യാഭ്യാസംതന്നെ മനുഷ്യ കേന്ദ്രീകൃതമായി മാറി. ആത്മാവിനേക്കാൾ ശരീരത്തെ മനുഷ്യൻ വിലമതിച്ചു. യുക്തി വിശ്വാസത്തിൻെറമേൽ ആധിപത്യം സ്ഥാപിച്ചു. സാന്മാൎഗ്ഗികനിയമങ്ങൾക്കു് വൈയക്തികമായ വിശകലനങ്ങൾ നല്കപ്പെട്ടു. അമിതമായ സ്വാതന്ത്ര്യബോധം വളൎന്നുവന്നു. അതോടെ ചിലരൊക്കെ തിരുസ്സഭയുടെ നിയന്ത്രണത്തിൽനിന്നുമാറി പേഗൻ വിശ്വാസത്തെ ആശ്ലേഷിച്ചുതുടങ്ങി.

നവോത്ഥാനത്തിൻെറ അന്തർധാരകൾ ദൈവശാസ്ത്ര ശാഖകളിലും അനുഭവവേദ്യമായി. ബൈബിൾപഠനത്തിലും വിശകലനത്തിലും വ്യതിയാനങ്ങളുണ്ടായി. തിരുസ്സഭയുടെ പരമാധികാരത്തെ നവോത്ഥാനക്കാർ എതിൎത്തു. ധാൎമ്മികശാസ്ത്രത്തിൻെറ അടിസ്ഥാനം മനുഷ്യമഹത്വമാണു്, അല്ലാതെ അന്ധമായ അനുസരണമല്ലെന്ന് ആശയം പ്രബലമായി. എങ്കിലും, പൊതുവെ നവോത്ഥാനം മനുഷ്യരെ ദൈവത്തോടു് അടുപ്പിക്കുകയല്ല അകററുകയാണു് ചെയ്തതു്.

ഇതിൽനിന്നു് നവോത്ഥാനത്തിൻെറ നേട്ടങ്ങൾ തികച്ചും നിഷേധാത്മകങ്ങളാണെന്നു വിചാരിക്കേണ്ടതില്ല. മനുഷ്യജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലുമുണ്ടായ അഭിവൃദ്ധി മനുഷ്യക്കു് പല വിധത്തിൽ ഉപകരിച്ചിട്ടുണ്ടു്. മതത്തോടുതന്നെയുള്ള തെററിദ്ധാരണകൾ തിരുത്താൻ നവോത്ഥാനം സഹായിച്ചിട്ടുണ്ടു്. മാനുഷികമൂല്യങ്ങൾ കൂടുതൽ വിലമതിക്കപ്പെട്ടു. പക്ഷെ, നവോത്ഥാനത്തിൻെറ അപ്രതിഹതമായ മുന്നേററത്തിലും മനുഷ്യൻെറ ശാരീരിക കഴിവുകളിലുള്ള അമിതമായ വിശ്വാസത്തിലും ഒഴുകിപ്പോയ നവോത്ഥാനക്കാർ മതം അരൂപിയിൽ മാത്രമല്ല സാമൂഹ്യമായും വൈയക്തികമായും പ്രതിഫലിക്കണമെന്ന യാഥാൎത്ഥ്യം വിസ്മരിച്ചു. മതജീവിത

ത്തിൽനിന്നു് ബാഹ്യാചാരങ്ങളെ ഉരിഞ്ഞുകളഞ്ഞിട്ടു് അരൂപിയിലും സത്യത്തിലുമുള്ള മതപ്പിറവിക്കു മുറവിളി കൂട്ടിയവർ തിരുസ്സഭയുടെ സാമൂഹ്യസ്വഭാവത്തേയും ദൃശ്യഘടനയേയും അധികാരത്തേയും ചോദ്യം ചെയ്തു. നവോത്ഥാനാശയങ്ങൾ പ്രോട്ടസ്റ്റൻറു വിപ്ലവത്തിനു് പ്രചോദനം നൽകിയെന്നുള്ളതിൽ തെല്ലും സംശയിക്കേണ്ടതില്ല.

## X പ്രോട്ടസ്റ്റൻറുമതവിപ്ളവം

പ്രോട്ടസ്റ്റൻറു മതവിപ്ലവത്തിൻെറ നേതാവും പ്രോട്ടസ്റ്റൻറു മതസ്ഥാപകനും മാർട്ടിൻ ലൂതർ എന്ന ഒരു ജർമ്മൻ സന്യാസിയായിരുന്നു (1483-1546). ഇദ്ദേഹം ഒരു അഗസ്റ്റീനിയൻ സന്യാസസഭാംഗമായിരുന്നു.

### പ്രോട്ടസ്റ്റൻറു വിപ്ലവത്തിൻെറ കാരണങ്ങൾ

1. പതിനാലും പതിനഞ്ചും നൂററാണ്ടിൽ തിരുസ്സഭയ്ക്കുണ്ടായ അധഃപതനം സാധാരണക്കാർതൊട്ടു് മാർപ്പാപ്പവരെയുള്ളവരിൽ ഈ അധഃപതനം കടന്നുകൂടി.

2. സന്യാസജീവിതത്തിലുണ്ടായ തകർച്ച: ദൈവവിളികൾ കുറഞ്ഞു. സ്വീകരിച്ചവർതന്നെ ആദർശനിഷ്ഠമായ ജീവിതം അവഗണിച്ചു. വിവിധ സന്യാസസഭകൾ തമ്മിൽ കലഹിക്കുകകൂടി ചെയ്തു.

3. സന്യാസികളും സാധാരണവൈദികരും തമ്മിലുള്ള ഭിന്നിപ്പു്.

4. വൈദികരുടെ ബൗദ്ധികവും സാന്മാൎഗ്ഗികവുമായ താണ നിലവാരം: ഇതിനും പുറമെ ഇവക്കു് അനുഭവപ്പെട്ട കടുത്ത ദാരിദ്ര്യം.

### ലൂതറിൻെറ സിദ്ധാന്തങ്ങൾ

ഈ ന്യൂനതകൾ പരിഹരിച്ചു തിരുസ്സഭയെ ശുദ്ധീകരിക്കുന്നതിനുവേണ്ടിയാണു് ലൂതർ തൻെറ നവീകരണപ്രസ്ഥാനവുമായി പുറപ്പെട്ടതു്. പക്ഷെ, അത്രേ തെററായ മാൎഗ്ഗങ്ങളിലേക്കു് എളുപ്പം വഴുതിവീണു. ഒടുവിൽ ലൂതർ

നിഷേധിക്കാത്ത കത്തോലിക്കാപ്രബോധനങ്ങരം വളരെ വിരളമായിരുന്നു. അദ്ദേഹത്തിൻെറ പ്രബോധനങ്ങരം ഇങ്ങനെ സംഗ്രഹിക്കാം. തിരുസഭയുടെ പരമാധികാരം ദൈവദത്തമല്ല. വിശ്വാസത്തിൻെറ ഏകആധാരം വി. ലിഖിതങ്ങരം മാത്രമാണ്. അവയെ ഓരോരുത്തക്കും സ്വന്തം ഇഷ്ടംപോലെ വ്യക്തിപരമായി വ്യാഖ്യാനിയ്ക്കാം. നന്മപ്രവൃത്തികരം കൂടാതെ ക്രിസ്തുവിലുള്ള വിശ്വാസംകൊണ്ടുമാത്രം മനുഷ്യന്ന രക്ഷ കൈവരിക്കാം വി. കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യമില്ല. വൈദികർ ക്രിസ്തുവിൻെറ പ്രതിപുരുഷന്മാരല്ല. വിശുദ്ധരുടെ പ്രതിമകരം വണങ്ങേണ്ടതില്ല. ശുദ്ധീകരണസ്ഥലമില്ല. മാമ്മോദീസായിൽ ജന്മപാപം മോചിക്കപ്പെടുന്നില്ല. സൽപ്രവൃത്തികരം നിഷ്ഫലങ്ങളാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്നു മാത്രമേ ഫലദായകത്വമുള്ളൂ.

ലൂതറിൻെറ ഈ പ്രബോധനങ്ങരംക്ക് ആദ്യം ജമ്മേനിയിൽ പ്രചാരം സിദ്ധിച്ചു. അവിടെ അദ്ദേഹത്തിന് ധാരാളം അനുയായികളുണ്ടായി. ഇങ്ങനെ തിരുസ്സഭയിൽനിന്നു വേർതിരിഞ്ഞ ഒരു ക്രിസ്തീയവിഭാഗത്തിന് ലൂതർ ജന്മം നൽകി. ഇതാണു പ്രോട്ടസ്റ്റൻറു സഭയായി പില്ക്കാലത്തു വളൻവന്നതു്. സ്വിററ്സർലണ്ടിൽ സിങ്ഗ്ഗ്റും ഫ്രാൻസിൽ കാൽവിനും(1509–1564)ആണു് പ്രോട്ടസ്റ്റൻറുമതപ്രചരണത്തിന് നേതൃത്വം നൽകിയതു്.

ലൂതറിൻെറ ജീവിതാന്ത്യം തികച്ചും നിർഭാഗ്യകരമായിരുന്നു. 1925–ൽ അദ്ദേഹം സന്യാസിനിയായിരുന്ന കാതറൈൻബോറായെ വിവാഹം കഴിച്ചു. 1546 ഫെബ്രുവരിയിൽ വളരെ ശോചനീയമായവിധം ലൂതർ തൻെറ അബദ്ധപ്രബോധനങ്ങരം മുറുകെപിടിച്ചുകൊണ്ടു്

മരിച്ചു. തിരുസ്സഭയിൽനിന്നു ബഹിഷ്കൃതനായാണ് അദ്ദേഹം മരിച്ചത്. തൻെറ 63–ാമത്തെ വയസ്സിലാണ് ലൂതർ അന്തരിച്ചത്.

ഇംഗ്ലണ്ടും പ്രോട്ടസ്റ്റൻറുമതവും

ജർമ്മനിയിൽ പ്രോട്ടസ്റ്റൻറു വിപ്ലവം തുടങ്ങിയപ്പോഠം ഇംഗ്ലണ്ട് കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നു. എന്നാൽ ഇംഗ്ലണ്ടിലെ രാജാവായിരുന്ന ഹെൻറി എട്ടാമൻ (1491–1547) തൻെറ ആദ്യഭാര്യയായിരുന്ന കാതറൈൻ രാജ്ഞിയെ പരിത്യജിച്ച് ആനിബോളിനെന്ന കൊട്ടാരനർത്തകിയെ വിവാഹം ചെയ്യാനാഗ്രഹിച്ചു. റോമിൽനിന്ന് ഇതിന് അദ്ദേഹം അനുവാദമാവശ്യപ്പെട്ടു. റോം അതു നിരസിച്ചു. ഇതിൻെറ പേരിൽ റോമുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിച്ചുകൊണ്ട് 1534–ൽ ഹെൻട്രി ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരിയായി സ്വയം പ്രഖ്യാപിച്ചു. അദ്ദേഹം പ്രോട്ടസ്റ്റൻറ് ആശയങ്ങഠം സ്വീകരിച്ചു. തന്നെയുമല്ല അവ പ്രചരിപ്പിക്കാൻ പരിശ്രമിച്ചു. എതിർത്തവരെ പീഡിപ്പിച്ചു. ഇക്കാലത്താണ് ജോൺഫിഷർ, തോമസ്മൂർ എന്നിവർ രക്തസാക്ഷികളായത്. ഹെൻട്രിയുടെ പിൻഗാമി എഡ്വേർഡ് ആറാമൻ ബലപ്രയോഗത്താൽ ലൂതറുടെ സിദ്ധാന്തങ്ങഠംക്ക് പ്രചാരം നൽകി. ഇങ്ങനെയാണ് ആംഗ്ലിക്കൻസഭയുടെ ഉത്ഭവം.

ത്രെന്തോസ് സൂനഹദോസ് (1545-1565)

പ്രോട്ടസ്റ്റൻറു വിപ്ലവത്തിൻെറ കോളിളക്കത്തിൽപ്പെട്ട കത്തോലിക്കാവിശ്വാസം പുനജ്ജീവിപ്പിക്കുന്നതിനും, ആക്രമണവിധേയമായ വിശ്വാസസത്യങ്ങളെ വിശദീകരിച്ചുറപ്പിക്കുന്നതിനുമാണ്, ട്രെൻറിലെ സൂനഹദോസ് സമ്മേളിച്ചത്. തിരുസഭാചരിത്രത്തിലെ, ഒരു

നാഴികക്കല്ലാണ് ഈ സൂനഹദോസ്. അന്നത്തെ പ്രസിദ്ധരായ, ദൈവശാസ്ത്രജ്ഞന്മാരെല്ലാം, ഇതിൻെറ പിന്നിൽ പ്രവത്തിച്ചിരുന്നു. നിഷേധിക്കപ്പെട്ട ക്രിസ്തീയ പ്രബോധനങ്ങൾ ഓരോന്നും സവിശേഷമായ പഠനത്തിനുശേഷം, വ്യക്തമായും വിശദമായും, വീണ്ടും വിളംബരം ചെയ്യപ്പെട്ടു. ഈ കൗൺസിലിൻെറ കുർബാനയെപ്പററിയുള്ള ചില തീരുമാനങ്ങളും പ്രഖ്യാപനങ്ങളും, രണ്ടാംവത്തിക്കാൻ കൗൺസിലിൻേറതിനേക്കാൾ ദൈവശാസ്ത്രപരമായ പ്രാധാന്യമുള്ളവയാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

1545ലാരംഭിച്ച കൗൺസിൽ, സമരങ്ങളും സാംക്രമികരോഗങ്ങളുംമൂലം, 20വർഷം നീണ്ടുനിന്നു. സഭയിലെ പല ദുരാചാരങ്ങളെയും ദൂരീകരിക്കാൻ, ഈ സൂനഹദോസിനു കഴിഞ്ഞു. വൈദിക പരിശീലനം മെച്ചപ്പെടുത്തുന്നതിന്, സെമിനാരികൾ സ്ഥാപിക്കാൻ തീരുമാനിച്ചു. എല്ലാംകൊണ്ടും, കത്തോലിക്കാസഭയിൽ, ഒരു നവോത്ഥാനം സൃഷ്ടിക്കാൻ ഈ സൂനഹദോസിനു കഴിഞ്ഞിട്ടുണ്ട്. കൗൺസിൽ തീരുമാനങ്ങൾ യഥോചിതം നടപ്പിലാക്കാൻ, പ്രസിദ്ധരായ അനേകം മാർപ്പാപ്പമാർ, തിരുസഭയ്ക്കുണ്ടാവുകയും ചെയ്തു. ഈ കൗൺസിലിനുശേഷം ധാരാളം മിഷനറിമാരും സന്യാസസഭകളും വിദേശങ്ങളിൽ മതപ്രചരണത്തിനു സന്നദ്ധമായി മുന്നോട്ടുവന്നു. തന്മൂലം ധാരാളം മാനസാന്തരങ്ങളുമുണ്ടായി.

## XI ഫ്രഞ്ചുവിപ്ലവം (1789–1815)

പ്രോട്ടസ്റ്റൻറുവിപ്ലവത്തിനുശേഷം, സഭക്കു നേരിടേണ്ടിവന്ന ഏററവും വലിയ പ്രതിസന്ധിയാണിതു്. ഇതു് തിരുസഭയ്ക്കു വളരെ വലിയ ആഘാതമേല്പിച്ചു. ഇതു് ഫ്രാൻസിൽ പൊട്ടിപ്പുറപ്പെട്ടതുകൊണ്ടാണ്, ഇതിനു

ഫ്രഞ്ചുവിപ്ലവമെന്നു പറയുന്നതു്. പക്ഷെ, ഇതിൻെറ സ്വാധീനം, ലോകം മുഴവനും ഉണ്ടായി.

കാരണങ്ങൾ

വൈദികരിൽ വലിയൊരു വിഭാഗം അലസരും സുഖലോലുപരുമായി മാറി. പ്രഭുക്കന്മാരും കുബേരന്മാരും, സാധാരണജനങ്ങളെയും തൊഴിലാളികളെയും ചൂഷണം ചെയ്തു. പൊതുവെ, സമുദായത്തിൽ അസ്വസ്ഥത തങ്ങിനിന്നു. നിലവിലുള്ള അസമത്വങ്ങൾക്കും അനീതികൾക്കും കാരണം, യാഥാസ്ഥിതികമായ കത്തോലിക്കാസഭയാണെന്നൊരു കുപ്രചരണവും ചിലർ നടത്തി. സന്യാസികളും സന്യാസിനികളും രാജ്യത്തിനു യാതൊരുപയോഗവുമില്ലാത്ത, രാജ്യത്തിൻെറ ഒരു ഭാരമായി അവർ ചിത്രീകരിച്ചു. ഇവയെല്ലാം, സാധാരണ ജനങ്ങളുടെ ആവേശത്തെ ഇളക്കിവിടാൻ പര്യാപ്തങ്ങളായി. പൊതുജനരോഷം എങ്ങും ആളിക്കത്തി.

വിപ്ലവം, കൊടുങ്കാററുപോലെ ഫ്രാൻസിലെങ്ങും പടൎന്നുപിടിച്ചു. എവിടെയും അക്രമവും അരാജകത്വവും അഴിഞ്ഞാടി. സന്യാസസഭകൾ നിൎത്തലാക്കപ്പെട്ടു. വ്രതങ്ങൾ അൎത്ഥശൂന്യങ്ങളായി പ്രഖ്യാപിക്കപ്പെട്ടു. മഠങ്ങളും സന്യാസഭവനങ്ങളും വിൽക്കപ്പെട്ടു. ദൈവാലയങ്ങളും സന്യാസഭവനങ്ങളും നശിപ്പിക്കപ്പെട്ടു. സന്യാസികൾ, അൽമായരായി തരംതാഴ്ത്തപ്പെട്ടു. അനേകം വൈദികരും വിശ്വാസികളും വധിക്കപ്പെട്ടു. തെരുവീഥികളിലൂടെ രക്തമൊഴുകി. ഫ്രാൻസ് ഒരു കൊലക്കളമായി മാറി. ഈ ഭീകരാവസ്ഥ ഏകദേശം 9 വർഷത്തേക്കു നീണ്ടുനിന്നു.

1799-ൽ നെപ്പോളിയൻ ഫ്രാൻസിൻെറ സൈനികാധിപതിയായിത്തീൎന്നതോടെ ഫ്രഞ്ചുവിപ്ലവം ശമിച്ചു. യുദ്ധവീരനായിരുന്ന അദ്ദേഹം, ചുരുങ്ങിയ കാലംകൊണ്ടു്

യൂറോപ്പിൻെറ ഏകഛത്രാധിപത്യം കരസ്ഥമാക്കുകയു ണ്ടായി. തനിക്കു സമാധാനം പുനഃസ്ഥാപിക്കാൻ, തിരു സഭയെക്കൂടാതെ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ നെപ്പോളിയൻ, 1802–ൽ മാർപ്പാപ്പയുമായി ഒരു സംഖ്യത്തിലേപ്പെട്ടു. പക്ഷെ, ഉടമ്പടി ലംഘിച്ചുകൊണ്ടു്, 1809–ൽ സൈന്യങ്ങളെ അയച്ചു്, നെപ്പോളിയൻ പേപ്പൽ രാജ്യങ്ങരം ഫ്രാൻസിനോടു ചേർത്തു. പീയൂസ് 7–ാമൻ നെപ്പോളിയനെ സഭാഭ്രഷ്ടനാക്കി. കുപിതനായ ചക്രവർത്തി, മാർപ്പാപ്പയെ ബന്ധനസ്ഥനാക്കി തടവിലടച്ചു. പക്ഷെ, നെപ്പോളിയൻ, മാർപ്പാപ്പയെ തടവിൽ പാർപ്പിച്ചിരുന്ന ഫോണ്ടൻബ്ളോയിൽവച്ചുതന്നെ, സ്ഥാനത്യാഗംചെയ്തു. താമസിയാതെ വൃദ്ധനായ പീയൂസ് 7–ാമൻ, വിജയശ്രീലാളിതനായി റോമിലേക്കു മടങ്ങി. പത്രോസിൻെറ പാറയിൽത്തട്ടി ഭൗതികശക്തികരം തകന്നടിയുന്ന ഒരു രംഗംകൂടി ലോകം ദർശിച്ചു.

## XII ആധുനികകാലം (1800–1975)

ഈ കാലഘട്ടം തിരുസ്സഭാചരിത്രത്തിൽ അതീവ പ്രാധാന്യമർഹിക്കുന്നതാണു്. 20–ാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി യൂറോപ്പിലാകെ കത്തോലിക്കാവിശ്വാസത്തിനു ഒരു നവോന്മേഷം സംജാതമായി. ആധുനികയന്ത്രസാമഗ്രികളുടെ കണ്ടുപിടുത്തങ്ങളും വലിയ ഫാക്ടറികളുടെ ആവിർഭാവവുംമൂലം സംജാതമായ "വ്യവസായവിപ്ലവം" ജനജീവിതത്തിൽ കാതലായ മാററങ്ങരം വരുത്തി. വാണിജ്യവും വ്യവസായവും വദ്ധിച്ചു. സോഷ്യലിസവും കമ്മ്യൂണിസവും ലോകത്തിൽ ഉദയംചെയ്തു. വ്യവസായവിപ്ലവഫലമായി തൊഴിൽപ്രശ്നങ്ങരം വർദ്ധിച്ചുവന്നു.

തിരുസ്സഭ തൊഴിലാളികളുടെ സേവനത്തിനു ഈടുററ സേവനങ്ങരം നല്കി. 1891–ൽ മഹാനായ ലെയോ 13–ാമൻ മാപ്പാപ്പ റേരും നൊവാരും എന്ന വിശ്വവിഖ്യാത ചാക്രികലേഖനം പ്രസിദ്ധീകരിച്ചു. തൊഴിലാളികളുടെ

“മാഗ്നാകാർട്ടാ” എന്നാണിതറിയപ്പെടുന്നതു്. 1870-ലെ ഒന്നാം വത്തിക്കാൻ കൗൺസിൽ മാപ്പാപ്പയുടെ അപ്രമാദിത്വം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. 1854-ൽ മാതാവിൻെറ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. 1858-ൽ മാതാവു് ലൂർദ്ദിൽ ബർണർദീത്താക്കു പ്രത്യക്ഷപ്പെട്ടു.

പീയൂസ് 11-ാമൻ (1922–1938) വേദപ്രചാരത്തിൻെറ പിതാവായിട്ടാണു് അറിയപ്പെടുക. ഇദ്ദേഹമാണു് വത്തിക്കാൻ റേഡിയോയുടെ സ്ഥാപകൻ. ഇദ്ദേഹത്തിൻെറ കാലത്തു് 1929-ൽ ഇററലിയും പരിശുദ്ധസിംഹാസനവും തമ്മിൽ നടന്ന ലാററൻ ഉടമ്പടിപ്രകാരം മാർപ്പാപ്പ വത്തിക്കാൻ രാജ്യത്തിൻെറ സ്വാതന്ത്ര്യഭൗതികപരമാധികാരിയായി അംഗീകരിക്കപ്പെട്ടു, ഇദ്ദേഹത്തിൻെറ തൊഴിൽപ്രശ്നസംബന്ധിയായ ക്വാദ്രജേസ്സിമോ അന്നോ (Quadragessimo anno) (1931) എന്ന ചാക്രികലേഖനം ഭുവനപ്രസിദ്ധമാണു്. പ്രഗത്ഭരായ ബനഡിക്ററ് XV (1914–1922) പീയൂസ് X (1903–1914) പീയൂസ് XII (1939–1958) എന്നീ പരിശുദ്ധ പിതാക്കന്മാരുടെ ഭരണത്താൽ തിരുസ്സഭ ആധുനികകാലത്തു് അനുഗ്രഹീതമായി.

**ജോൺ 23-ാമൻ**

ഇദ്ദേഹം 1958 ഒക്ടോബർമാസം സിംഹാസനാരോഹണം ചെയ്തു. തിരുസ്സഭാചരിത്രത്തിൽ ഒരു സുവർണ്ണാദ്ധ്യായം കുറിക്കുന്നതിനും ഇദ്ദേഹത്തിൻെറ ഭരണത്തിനു കഴിഞ്ഞു. 1962 ഒക്ടോബറിൽ ആരംഭിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ ഇദ്ദേഹത്തിൻെറ ഭാവനയിൽനിന്നുടലെടുത്തതാണു്. രാജ്യാന്തരവും സാമൂഹ്യവുമായ പ്രശ്നങ്ങൾക്കു് ഒരു പുതിയ സമീപനം കാഴ്ചവയ്ക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. സാമൂഹികപ്രശ്നങ്ങളിൽ സഭയുടെ വ്യക്തമായ നിലപാടു് തൻെറ “മാതാവും ഗുരുനാഥയും”

എന്ന ചാക്രികലേഖനത്തിലൂടെ അദ്ദേഹം ലോകത്തെ അറിയിച്ചു. ക്രിസ്തീയ പുനരൈക്യത്തിനും ലോകസമാധാനത്തിനും ഇദ്ദേഹം മിഴിവുററ സംഭാവനകൾ നൽകി. ഏതുവിധത്തിലും ക്രിസ്തുവിൻെറ കാണപ്പെടുന്ന നല്ല ഇടയനായിരുന്നു തിരുമേനി. "ഒരാത്മാവിൻെറ ഡയറിക്കുറിപ്പുകൾ" എന്ന തൻെറ ആത്മകഥയിൽ അദ്ദേഹത്തിൻെറ വിശുദ്ധമായ വ്യക്തിത്വത്തിൻെറ മുഖമുദ്രകൾ പതിഞ്ഞിരിക്കുന്നതു് ഓരോ പേജിലും കാണാം. ലോകത്തിനു പ്രിയങ്കരനായ ഈ പിതാവു് 1963 ജൂൺ മൂന്നാം തീയതി പരലോകം പൂകി.

പോൾ ആറാമൻ

1963 ജൂൺ 21—ാം തീയതി തിരുസ്സഭയുടെ പരമാദ്ധ്യക്ഷനായി ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. തൻെറ കഴിഞ്ഞ ഈ ഏഴു കൊല്ലത്തെ ഭരണംകൊണ്ടു അദ്ദേഹം ചരിത്രം സൃഷ്ടിച്ചിരിക്കയാണു്. രണ്ടാംവത്തിക്കാൻകൗൺസിൽ ഇദ്ദേഹമാണു് പൂർത്തിയാക്കിയതു്. സഞ്ചരിക്കുന്ന പാപ്പയെന്ന ബഹുമതി ഇദ്ദേഹം നേടി. 1963-ൽ വിശുദ്ധസ്ഥലങ്ങളും 1964-ൽ ഇൻഡ്യയും 1965-ൽ യു.എൻ. കേന്ദ്രവും അദ്ദേഹം സന്ദർശിച്ചു. 1970 നവംബറിൽ തിരുമേനി ആസ്ത്രേലിയ, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി. മാനിലായിൽവച്ചു് തന്നെ വധിക്കാൻ ശ്രമമുണ്ടായിട്ടും തിരുമേനി തൻെറ യാത്രാപരിപാടികൾ അഭംഗുരം തുടർന്നുകൊണ്ടുപോയി. തൻെറ സന്ദർശനവേളകളിൽ തിരുമേനി നിസ്സഹായർക്കും സാധുക്കൾക്കും ചെയ്തിട്ടുള്ള സഹായങ്ങൾ ലോകം എന്നും കൃതജ്ഞതയോടെ സ്മരിക്കും.

സ്നേഹോദാരവും പൈതൃകവുമായ ഇദ്ദേഹത്തിൻെറ ലോകസമാധാന പരിശ്രമങ്ങൾ സ്തുത്യർഹങ്ങളാണു്. തിരുമേനിയുടെ യു. എൻ. കേന്ദ്രസന്ദർശനവും തദവസര

ത്തിൽ ചെയ്ത പ്രസംഗവും ലോകരാഷ്ട്രങ്ങൾ മറക്കുമെന്നും തോന്നുന്നില്ല.

വത്തിക്കാൻ ക്യൂരിയായുടെ അന്താരാഷ്ട്രവൽക്കരണം, മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്ന കർദ്ദിനാളന്മാരുടെ പ്രായപരിധിനിർണ്ണയം, അടുത്തുവരുന്ന മെത്രാന്മാരുടെ സിനഡ്, പുനരൈക്യത്തിന്റെ വത്തിക്കാൻ കാര്യാലയം, അക്രൈസ്തവർക്കുവേണ്ടിയുള്ള വത്തിക്കാൻ സെക്രട്ടറിയേററ് തുടങ്ങി തിരുമേനിയുടെ നേട്ടങ്ങൾ നിരവധിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അരൂപിയിൽ, തിരുസഭയെ തിരുമേനി നയിച്ചുകൊണ്ടിരിക്കുകയാണ്. പ്രശ്നബന്ധമായ ഒരു കാലഘട്ടത്തിലാണ് തിരുമേനി സഭയെ ഭരിക്കുന്നത്. ദീർഘായുഷ്മാനായി തിരുമേനി ഇനിയും സഭയെ ഭരിക്കട്ടെ.

## രണ്ടാം വത്തിക്കാൻ കൗൺസിൽ

## (1962 ഒക്ടോ. 11മുതൽ 1965 ഡി. 8 വരെ)

തിരുസഭാചരിത്രത്തിലെന്നും തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട മഹത്സംഭവമാണ്. ഇതുവരെ നടന്നിട്ടുള്ളതിൽവച്ചേററവും വലിയ സൂനഹദോസാണിത്. ഏററവുമധികം മെത്രാന്മാർ പങ്കെടുത്തിട്ടുള്ളതു് (രണ്ടായിരത്തിൽപ്പരം) കൗൺസിലും ഇതുതന്നെ. തിരുസ്സഭയുടെ കാലോചിതമായ നവീകരണവും അധുനാതനീകരണവുമായിരുന്നു കൗൺസിലിന്റെ ലക്ഷ്യം. കൗൺസിൽ പ്രസിദ്ധപ്പെടുത്തിയ 16 പ്രമാണരേഖകൾ തിരുസഭാനവീകരണത്തിന്റെ 16 നാഴികക്കല്ലുകളാണ്. ക്രിസ്തീയ ജീവിതത്തിലും വീക്ഷണത്തിലും സാരമായ വ്യതിയാനങ്ങൾ വരുത്തുവാൻ കൗൺസിലിനു കഴിഞ്ഞിട്ടുണ്ട്. പക്ഷെ, ഈ കൗൺസിലിന്റെ പ്രത്യാഘാതങ്ങൾ ചിലപ്പോൾ തെററായ വഴിക്കു തിരിയുന്നുണ്ട്. കൗൺസിലിനെ ചൊല്ലിയുള്ള അമിതമായ പുരോഗമനപ്രവണതയെ നിയ

ന്നിച്ചില്ലെങ്കിൽ തിരുസ്സഭയ്ക്കു പല പ്രതിസന്ധികളെ യും നേരിടേണ്ടിവരും. ഇന്നു് പലരും ഇളകിയിട്ടുണ്ടു്. ശാന്തമായി ഇളകിയവ ഉറയ്ക്കുമെന്നു പ്രതീക്ഷിക്കാം.

## തിരുസ്സഭ ഇന്നു്

. നൂററാണ്ടുകളുടെ പ്രതിബന്ധങ്ങളിലൂടെ നീന്തിത്തു ടിച്ചു് പത്രോസിൻെറ പടവു് ഇരുപതാം നൂററാണ്ടിൻെറ മറുകരയ്ക്കെത്തുവാൻ പോകയാണു്. തിരുസ്സഭ ചെറുതാ യിട്ടു ജനിച്ചു വലുതായിട്ടു വളൎന്നു. ഇന്നു് അതു് വിശ്വ വ്യാപകമാണു്. ലോകത്തിലെ 321 കോടി ജനങ്ങളിൽ 61 കോടിയും കത്തോലിക്കരാണു്. അതായതു് ലോകജ നസംഖ്യയുടെ അഞ്ചിലൊരു ഭാഗം. 61 കോടി ജനങ്ങൾ വൎണ്ണവൎഗ്ഗഭേദമെന്യെ ഒരു ഡിവിഷൻ പട്ടാളവുമില്ലാത്ത ഒരു നേതാവിൻെറ കീഴിൽ അണിനിരന്നു ജീവിക്കുന്നു. പക്ഷെ, ലോകജനതമുഴുവൻ ഒരിടയൻെറ കീഴിൽ അണി നിരക്കുന്ന സുദിനത്തിനു നമുക്കു കാത്തിരിക്കാം.

ഇതുവരെ മാനവസംസ്ക്കാരത്തിനു് തിരുസ്സഭ നൽ കിയിട്ടുള്ള സംഭാവനകൾക്കു് ലോകചരിത്രം സാക്ഷി യാണു്. ശാസ്ത്രീയയുഗത്തിലെ ആധുനിക മനുഷ്യൻ അവ്യക്തതയിലൂടെ ഉഴറി നടക്കുകയാണു്. പരീക്ഷണ ശാലയിലും യന്ത്രങ്ങളുടെയിടയ്ക്കും ജീവിക്കുന്ന മനുഷ്യനുള്ള ദൈവികസങ്കേതമാണു് തിരുസ്സഭയെന്നു് ആധുനികമനു ഷ്യൻ മനസ്സിലാക്കിയിരുന്നെങ്കിൽ! മനുഷ്യൻെറ ഭോ ഷത്വത്തിനുള്ള ദൈവത്തിൻെറ ഉത്തരമാണു് തിരുസ്സഭ. തിരുസ്സഭയാണു് ലോകത്തിലെ ഏററവും വലിയ ധാൎമ്മി കശക്തി. അതെന്നും ലോകത്തിൻെറ ദീപമായിരിക്കു യും ചെയ്യും. കാരണം, തിരുസ്സഭയാണു് മനുഷ്യവംശ ത്തിനു ദൈവത്തെ കാണിച്ചുകൊടുക്കേണ്ടതു്. ഇതുതന്നെ യാണു് പരി. പിതാവിൻെറ യു. എൻ. കേന്ദ്രസന്ദർശന വേളയിലെ പ്രസംഗത്തിൽ മുഴങ്ങിക്കേൾക്കുന്നതു്. "ദൈ

വത്തിനെതിരായി വിപ്ലവം മുഴക്കിയ മനുഷ്യബുദ്ധി നിങ്ങളെ ഭൗതികതയിലേക്കും നിരീശ്വരത്വത്തിലേക്കും കുഴപ്പങ്ങളിലേക്കും കലാലയങ്ങളിലേക്കും യുദ്ധങ്ങളിലേക്കും നയിച്ചു. നിങ്ങൾക്കു സമാധാനമാവശ്യമുണ്ട്. സ്വാതന്ത്ര്യമാവശ്യമുണ്ട്. വ്യക്തിമഹത്വത്തോടു ബഹുമാനമാവശ്യമുണ്ട്. ഒരു മാർഗ്ഗമേയുള്ളു. മനുഷ്യൻ ദൈവത്തിങ്കലേക്കു തിരിച്ചുവരട്ടെ. മനുഷ്യൻെറ അന്തഃസത്തയിൽ സംസാരിക്കുന്ന ദൈവസ്വരമായ മനഃസാക്ഷിയാണ് അവനു നഷ്ടപ്പെട്ടിരിക്കുന്നതു്. ദൈവത്തെ കൂടാതെ സമാധാനമില്ല, സന്തോഷമില്ല, മാനവപുരോഗതിയില്ല.''

തിരുസഭാചരിത്ര പാഠങ്ങൾ

Indic Digital Archive Foundation
gpura.org